ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ,
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,
തിരുവനന്തപുരം.

പത്രക്കുറിപ്പ്

# ഗവി: നിയമാനുസൃതമായി മാത്രമേ പ്രവേശനം അനുവദിക്കൂ.

**വനം -സിനിമ- സ്പോർട്സ് വകുപ്പുമന്ത്രി.**

പെരിയാർ കടുവാസങ്കേതത്തിന്റെ ബഫർ മേഖലയായ ഗവിയിലേക്ക് വനനിയമങ്ങൾക്ക് വിധേയമായി മാത്രമേ സന്ദർശകർക്ക് പ്രവേശനം അനുവദിക്കൂ എന്ന് വനം-സിനിമ-സ്പോർട്സ് വകുപ്പുമന്ത്രി കെ.ബി. ഗണേഷ്കുമാർ അറിയിച്ചു.

പരിസ്ഥിതി ഭീഷണി നേരിടുന്ന ഗവി മേഖലയിൽ വാഹനങ്ങൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തും. ആങ്ങാമൂഴി - കൊച്ചാണ്ടി ചെക്ക് പോസ്റ്റ് വഴി ശനി, ഞായർ ഉൾപ്പെടെ അവധി ദിവസങ്ങളിൽ പ്രതിദിനം 30 വാഹനങ്ങൾക്കും മറ്റു പ്രവർത്തി ദിവസങ്ങളിൽ 10 വാഹനങ്ങൾക്കും മാത്രമേ പ്രവേശനം നൽകൂ. പ്രവേശന സമയം രാവിലെ 9 മണി മുതൽ ഒരു മണിവരെ ആയിരിക്കും. അതിനു ശേഷം വരുന്ന വാഹനങ്ങൾക്ക് യാതൊരു കാരണവശാലും പ്രവേശനം അനുവദിക്കില്ല. പ്രവേശന പാസുകൾ ആങ്ങാമൂഴിയിൽ വനം - വന്യജീവി വകുപ്പിന്റെ പ്രത്യേക കൗണ്ടറിൽ ലഭ്യമാക്കും.

ആങ്ങാമൂഴി വഴി പ്രവേശിക്കുന്ന വാഹനങ്ങൾ വള്ളക്കടവ് വഴി പോകണം. ആങ്ങാമൂഴി മുതൽ കൊച്ചു പമ്പവരെയുള്ള റോഡിൽ ഒൺവേ സമ്പ്രദായം ഏർപ്പെടുത്തും. സർക്കാർ വാഹനങ്ങൾക്കും കെ.എസ്.ആർ. ടി.സി. ബസ്സിനും ഇതിൽ ഇളവ് അനുവക്കിക്കുമെന്നും മന്ത്രി പറഞ്ഞു.

കൊച്ചാണ്ടി ചെക്ക് പോസ്റ്റിൽ സ്വകാര്യ വാഹനങ്ങൾക്കുള്ള പ്രവേശന ഫീസിനു പുറമേ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിലേക്കുള്ള

സന്ദർശക ഫീസായി ഒരാൾക്ക് 25 രൂപാ നിരക്കിൽ അധികമായി നൽകണം.

ഗവി മേഖലയിലേക്ക് മദ്യം കൊണ്ടു പോകുന്നതും മദ്യപിച്ച് പോകുന്നതും അനുവദിക്കില്ല. സന്ദർശകരേയും സന്ദർശകരുടെ വാഹനങ്ങളും കർശന പരിശോധനയ്ക്ക് ശേഷമേ കടത്തിവിടുകയുള്ളൂ. വനമേഖലയിൽ മദ്യം കൊണ്ടുപോകുന്നതും മദ്യപിച്ച് ബഹളമുണ്ടാക്കുന്നതും മറ്റ് സഞ്ചാരികൾക്കും വനപാലകർക്കും വന്യജീവികൾക്കും ശല്യമായി തീരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ഈ തീരുമാനം എടുത്തിട്ടുള്ളത്. സ്വകാര്യ വാഹനങ്ങൾ വനത്തിനുള്ളിൽ നിർത്തിയിട്ടതായും, പ്ലാസ്റ്റിക് വലിച്ചെറിയുന്നതായും കണ്ടെത്തിയാൽ 500 രൂപ പിഴ ഈടാക്കും. ഇതിനായി വനം വകുപ്പിന്റെ ഫ്ളയിംഗ് സ്ക്വാഡുകളെ നിയോഗിക്കും.

വള്ളക്കടവിൽ നിന്നും പെരിയാർ ടൈഗർ ഫൗണ്ടേഷനും ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികളും ചേർന്ന് 25 സീറ്റുകൾ വീതമുള്ള രണ്ട് ബസ്സുകൾ വാങ്ങി പ്രതിദിനം മൂന്ന് സർവ്വീസുകൾ ഗവിയിലേക്ക് നടത്തും. വള്ളക്കടവ് വഴി ഗവിയിലേക്ക് എത്തുന്നവർക്ക് കൊച്ചു പമ്പവരെ മാത്രമെ പ്രവേശനം അനുവദിക്കൂ. ഇവർ വള്ളക്കടവ് വഴി തന്നെ തിരികെ പോകണം. സന്ദർശകർക്കായി കൊച്ചു പമ്പയിൽ വനം വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ റസ്റ്റാറന്റ് ആരംഭിക്കും. കൂടാതെ കൊച്ചു പമ്പയിൽ ബോട്ടിംങ് സൗകര്യവും സന്ദർശകർക്ക് താമസിക്കാൻ പുതിയ ടെന്റുകളും നിർമ്മിക്കും. പെരിയാർ ഫൗണ്ടേഷന്റേയും ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികളുടെയും നേതൃത്വത്തിൽ എത്തുന്നവർക്ക് ബോട്ടിംങ് സൗകര്യവും കൊച്ചു പമ്പയിലായിരിക്കും. 15 ദിവസത്തിനുള്ളിൽ പുതിയ നിയന്ത്രണങ്ങൾ നിലവിൽ വരും. കേരള വനവികസന കോർപ്പറേഷൻ ഗവിയിലേക്ക് ആരംഭിച്ച ടൂർ പാക്കേജ് സംവിധാനം തുടരും. ഘട്ടം ഘട്ടമായി വനസംരക്ഷണ സമിതികളുടെ നേതൃത്വത്തിൽ വാഹനം ഏർപ്പെടുത്തി സന്ദർശകരെ കൊണ്ടുപോകുന്നതിനുള്ള

സൗകര്യം ഒരുക്കും. ഇതിന് ആനുപാതികമായി സ്വകാര്യ വാഹനങ്ങളുടെ പ്രവേശനം നിയന്ത്രിക്കുമെന്നും മന്ത്രി പറഞ്ഞു.

വനത്തിന്റെ സ്വാഭാവികമായ ആവാസവ്യവസ്ഥ സംരക്ഷിക്കേണ്ടതും വന്യജീവികളെ സംരക്ഷിക്കേണ്ടതും നമ്മുടെ കടമയാണ്. ഗവിയിലെത്തുന്ന സന്ദർശകർ യാതൊരു നിയന്ത്രണവുമില്ലാതെ പ്ലാസ്റ്റിക് മാലിന്യങ്ങളും കുപ്പികളും വനത്തിനുള്ളിൽ തള്ളുന്നു. ഇത് വലിയ പാരിസ്ഥിതിക പ്രശ്നമായി മാറുന്നു. കൂടാതെ വാഹനങ്ങളുടെ തുടരെ തുടരെയുള്ള അനിയന്ത്രിതമായ പ്രവാഹം വന്യജീവികളുടെ സ്വൈരവിഹാരത്തിന് തടസ്സം സൃഷ്ടിക്കുന്നതായും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിനലാണ് പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു.

പബ്ലിക് റിലേഷൻസ് ഓഫീസർ

KUMAR
Public Relations Officer
Forest Information Bureau
Forest Hqrs., Thiruvananthapuram

10.10.2012